കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പി.കെ.ഡി. 15-1693/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

e-mail:dopkd.ksad@kerala.gov.in

ഫോൺ- 0491-2520145

തീയതി. 13.09.2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പെരിങ്ങോട്ടുകുറിശ്ശി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയും, ഭാഗം 3ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള

പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പി.കെ.ഡി. 15-1693/2017. തീയതി 13.09.2017.

പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2016-17

# സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 21.10.2016 മുതൽ തീയതി 10.07.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ രതീഷ് കുമാർ.പി.എം , ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 7.08.2017 മുതൽ 14.08.2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം. | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ.പ്രേമാനന്ദ്.എസ് | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ. ഷർഫുദ്ദീൻ.എസ്.എച്ച് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ.സി.എൽ.പത്മകുമാർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 4 | ശ്രീമതി. ഫസീല.കെ.എ | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| |
|---|
| പ്രസിഡണ്ട് |

| | |
|---|---|
| ശ്രീ.എ.വി.ഗോപിനാഥൻ | 01-04-2016 മുതൽ 31-03-2017 വരെ |
| സെക്രട്ടറി | |
| ശ്രീ രാമൻകുട്ടി.എം | 01-04-2016 മുതൽ 31-03-2017 വരെ |

(ബി) മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ. സുമേഷ്.വി.ആർ | 01-04-2016 മുതൽ 31-03-2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.സ്മിത.കെ | 01-04-2016 മുതൽ 31-03-2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. വെങ്കിടാചലം | 01-04-2016 മുതൽ 31-03-2017 വരെ |
| എച്ച്.എം. | ശ്രീ.കൃഷ്ണകുമാർ.എം.വി | 01-04-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.റോയ് ജോസഫ് | 1-04-2016 മുതൽ 3-08-2016 വരെ |
| | ഡോ.റെജുല.എം | 4-8-2016 മുതൽ 10-8-2016 വരെ |
| | ഡോ. ശ്രീജ.കെ.വി | 11-08-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.പ്രവീൺ.കെ.പി | 01-04-2016 മുതൽ |

| | | |
|---|---|---|
| (പി.എച്ച്.സി) | | 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സജിന കൊമ്മട്ടിൽ | 01-04-2016 മുതൽ 31-03-2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.അഞ്ജു അന്ന ജെയിംസ് | 01-04-2016 മുതൽ 31-03-2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ബിന്ദു.കെ | 01-04-2016 മുതൽ 31-03-2017 വരെ |
| ഐ.സിഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.രമണി.ഇ | 01-04-2016 മുതൽ28-02-2017 വരെ |
| | ശ്രീമതി.ശാരദ.എം.കെ | 01-03-2017 മുതൽ 31-03-2017 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ജയലക്ഷ്മി.കെ | 01-04-2016 മുതൽ 30-10-2016 വരെ |
| | ശ്രീമതി.മീന റസൽ | 31-10-2016 മുതൽ 31-03-2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം.1 | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |

| | | |
|---|---|---|
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 | | |
| 1 | 2-1 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ |
| 2 | 2-2 | വാടക കുടിശ്ശിക പിരിച്ചെടുക്കേണ്ടതും, മറ്റു അപാകതകൾ പരിഹരിക്കേണ്ടതുമാണ് |
| 3 | 2-3 | ഇ-ടെണ്ടർ - ടെണ്ടർ ഫോം ഇനത്തിൽ ഗ്രാമപ്പഞ്ചായത്തിനു ലഭിക്കേണ്ട തുക ലഭിക്കുന്നില്ല |
| 4 | 2-4 | ടെണ്ടർ ഫോമിനോടൊപ്പം ഈടാക്കിയ വാറ്റ് സംസ്ഥാന സർക്കാരിലേക്ക് അടക്കണം |
| ഭാഗം 3 | | |
| 1 | 3-1 | ക്ഷീര കർഷകർക്ക് സബ്സിഡി - തുക ഗുണഭോക്താക്കൾക്ക് മുഴുവനായും ലഭ്യമായില്ല |
| 2 | 3-2 | പാലിയേറ്റീവ് കെയർ - മരുന്ന് നാളിതുവരെയും ലഭ്യമായിട്ടില്ല |
| 3 | 3-3 | പി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ - മരുന്ന് മുഴുവനായും ലഭ്യമാക്കേണ്ടതാണ് |
| 4 | 3-4 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നടപ്പാക്കിയ പദ്ധതികൾ |
| 5 | 3-5 | മെഡിക്കൽ ഓഫീസർ (ഹോമിയോ) നടപ്പാക്കിയ പദ്ധതികൾ |
| 6 | 3-6 | ആശ്രയ - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 7 | 3-7 | മേൽപ്പുര നവീകരണം (എസ്.സി.പി)-Valuation Certificate ഇല്ലാതെ സബ്സിഡി അനുവദിച്ചു |
| 8 | 3-8 | കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ |

| | | |
|---|---|---|
| | | സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് |
| 9 | 3-9 | ശാരീരിക മാനസ്സിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് -വാർഷികബത്ത നൽകിയിട്ടില്ല |
| 10 | 3-10 | വ്യക്തിഗത കക്കൂസ് നിർമ്മാണ പ്രവർത്തനങ്ങളുടെ അവലോകനം |
| 11 | 3-11 | ഡെപ്പോസിറ്റ് വർക്ക് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമക്കേണ്ടതാണ് |
| 12 | 3-12 | അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ പദ്ധതികൾ |
| 13 | 3-13 | ഗുണഭോക്തൃ വിഹിതം തിരികെ നൽകേണ്ടതാണ് |
| 14 | 3-14 | ഗായത്രി വാട്ടർ ഷെഡ് പ്ലാൻ - പദ്ധതി ഉപേക്ഷിച്ചതിനാൽ ജില്ലാ പഞ്ചായത്ത് വിഹിതം തിരികെ അടവാക്കേണ്ടതാണ് |
| 15 | 3-15 | സാക്ഷരത പ്രേരക് മാർക്ക് തനത് ഫണ്ടിൽ നിന്നും ഓണറേറിയം നൽകിയത് തിരികെ ഈടാക്കിയിട്ടില്ല |
| 16 | 3-16 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| ഭാഗം 4 | | |
| 1 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 2 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 3 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 5 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 6 | 4-6 | ഓഡിറ്റ് റിക്കവറി |
| 7 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 8 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 9 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| | അനുബന്ധം.1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 4.03.2016 തിയതിയിലെ തീരുമാനം.1 പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 20-07-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം.1ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5744634 |
| വരവ് | 65059744 |
| ആകെ | 70804378 |
| ചെലവ് | 65664023 |
| നീക്കിയിരിപ്പ് | 5140355 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | വിനിയോഗിക്കാത്ത തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10411705 | 10411705 | 7348206 | 3063499 | 70.57% |
| വികസനഫണ്ട് എസ്.സി.പി. | 0 | 16739631 | 16739631 | 15720228 | 1019403 | 93.91% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 42582 | 42582 | 42582 | 0 | 100.00% |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9863331 | 9863331 | 9694811 | 168520 | 98.29% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2746359 | 2746359 | 2243329 | 503030 | 81.68% |

| | | | | | | |
|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5838532 | 5838532 | 4738361 | 1100171 | 81.15% |
| കെ.എൽ.ജി. എസ്.ഡി.പി | 0 | 23084858 | 23084858 | 4314962 | 18769896 | 18.69% |
| ബി ഫണ്ട് | 0 | 41368460 | 41368460 | 41368460 | 0 | 100.00% |
| എം.ജി.എൻ ആർ.ജി.എസ് | 12861 | 25590809 | 25603670 | 25599494 | 4176 | 99.98% |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തീ കരിച്ച പദ്ധതികൾ (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കി യത് (എണ്ണം) | നടപ്പാക്കാ ത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|
| 181 | 85908232 | 139 | 47912295 | 13 | 29 | 76.80 |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 33.79 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1722329 | 2684015 | (+)961686 | (+)55.84 |
| നികുതിയേതര വരവുകൾ | 891945 | 813553 | (-)78392 | (-)8.79 |
| ആകെ | 2614274 | 3497568 | (+)883294 | (+)33.79 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 136320 | 52 |
| കർഷകതൊഴിലാളി പെൻഷൻ | 8186290 | 1841 |
| വിധവാപെൻഷൻ | 12552770 | 2883 |
| വാർദ്ധക്യകാലപെൻഷൻ | 15513165 | 3870 |
| വികലാംഗപെൻഷൻ | 2851855 | 715 |
| അവിവാഹിത പെൻഷൻ | 1325180 | 289 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-08-2017ന് ഉച്ചയ്ക്ക് ശേഷം 3.40 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 50762 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്. പരാതികൾ രജിസ്റ്റർ ചെയ്ത് യഥാസമയം നടപടി സ്വീകരിക്കുന്നുണ്ട്. ഭരണ സമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവയുടെ യോഗം കൃത്യമായി ചേരുന്നുണ്ട്. ഡി&ഓ ലൈസൻസ് അപേക്ഷ സ്വികരിക്കുമ്പോൾ ആവശ്യമായ എല്ലാ സർട്ടിഫിക്കറ്റുകളും കൂടെ സമർപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. വാടക ഡിമാന്റ് രജിസ്റ്റർ, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ എന്നിവ സാമ്പത്തിക വർഷാവസാനം സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയത് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 11.07.2017 | ജൂൺ 2017 | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| ഓഡിറ്റ് | | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02-02-2011 മുതൽ 16-02-2016 വരെ | 2005-2006 മുതൽ 2009-2010 | 19.03.2011 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി കൃത്യമായി പിരിച്ചെടുക്കുന്നില്ല

2016-17 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി കൃത്യമായി ഈടാക്കിയിട്ടില്ല എന്ന് പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) സ്ഥാപന തെഴിൽ നികുതി ഈടാക്കുന്നില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2016-17 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വ്രഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ, പെരിങ്ങോട്ടുകുറിശ്ശി | 16-17 I & II |
| 2 | സൂര്യ ബാങ്കേഴ്സ്, പെരിങ്ങോട്ടുകുറിശ്ശി | I & II |
| 3 | ക്ഷീരോൽപാദക സംഘം, പരുത്തിപ്പുള്ളി | I & II |
| 4 | ക്ഷീരോൽപാദക സംഘം, ഈസ്റ്റ് പരുത്തിപ്പുള്ളി | I & II |
| 5 | ക്ഷീരോൽപാദക സംഘം, ചൂലനൂർ | I & II |
| 6 | കേരള ഗ്രാമീൺ ബാങ്ക്, പെരിങ്ങോട്ടുകുറിശ്ശി | II |

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

ബി) വിമുക്തഭടനിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

കേരള ഗ്രാമീൺ ബാങ്ക്, പെരിങ്ങോട്ടുകുറിശ്ശി ബ്രാഞ്ചിൽ ഓഫീസ് അസിസ്റ്റന്റായി തൊഴിലെടുക്കുന്ന വിമുക്തഭടനായ രാജേഷ് കുമാർ രവിചന്ദ്രനിൽ നിന്നും രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ബാങ്ക് സമർപ്പിച്ച റിട്ടേൺസിൽ രണ്ടാം അർദ്ധ വർഷം ടിയാന് 297924 രൂപ വരുമാനമുണ്ട്. വിമുക്തഭടന്മാരെ തൊഴിൽ നികുതി അടക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്തതിനാൽ ടിയാനിൽ നിന്നും 1250 രൂപ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

സി) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതിയിട്ടില്ല

2016-17 സാമ്പത്തിക വ്യഷം തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈയിനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

## 2-2 വാടക കുടിശ്ശിക പിരിച്ചെടുക്കേണ്ടതും, മറ്റു അപാകതകൾ പരിഹരിക്കേണ്ടതുമാണ്

ഷോപ്പിംഗ് കോംപ്ലക്സ് വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 25928 രൂപയുടെ കുടിശ്ശിക ഈടാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മുറി വാടകയ്ക്കെടുത്ത വ്യക്തിയുടെ പേരും വിലാസവും | ആകെ ഈടാക്കേണ്ട തുക | ഈടാക്കിയ തുക | ഈടാക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 1 | പ്രേമകുമാരൻ S/o ചിപ്ര, ഒട്ടുവൻകാട് | 5628 (469*12) | - | 5628 |
| 2 | കൃഷ്ണൻ, പൂവത്താൻ പറമ്പ്, പരുത്തിപ്പുള്ളി | 13200 (1100*12) | 12100 | 1100 |
| 3 | സേതുമാധവൻ, കുളവൻകാട്, മണിയമ്പാറ | 13200 (1100*12) | - | 13200 |
| 4 | രവീന്ദ്രനാഥ്, സായ്ഗീത മന്ദിരം, പരുത്തിപ്പുള്ളി | 12000 (1000*12) | 6000 | 6000 |
| | ആകെ | | | 25928 |

വാടക കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഷോപ്പിംഗ് കോംപ്ലക്സ് വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ മറ്റ്

അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളുടെ നമ്പർ/ബിൽഡിംഗ് നമ്പർ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലേലമെടുത്ത വ്യക്തികളുടെ പേര് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2. ശ്രീ. രവീന്ദ്രനാഥ്, സായ്ഗീത മന്ദിരം, പരുത്തിപ്പുള്ളി എന്ന വ്യക്തി ഒമ്പത് മാസത്തെ വാടക കുടിശ്ശിക വരുത്തിയിട്ടുണ്ട്. എന്നാൽ ആറ് മാസത്തെ കുടിശ്ശിക മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

3. വാടക ഡിമാന്റ് രജിസ്റ്ററിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസും വാർഷിക ധനകാര്യ പത്രികയിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഷോപ്പിംഗ് കോംപ്ലക്സ് വാടക | ഡിമാന്റ് (രൂപ) | കളക്ഷൻ (രൂപ) | ബാലൻസ് (രൂപ) |
|---|---|---|---|
| ഡിമാന്റ് രജിസ്റ്റർ പ്രകാരം | 291792 | 265864 | 25928 |
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 297192 | 266381 | 30811 |

## 2-3 ഇ-ടെണ്ടർ - ടെണ്ടർ ഫോമിന്റെ വില ഗ്രാമപ്പഞ്ചായത്തിനു ലഭിക്കുന്നില്ല

2016-17 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ 5 പ്രൊജക്ടുകൾ ഇ-ടെണ്ടർ മുഖേനയാണ് നടപ്പാക്കിയത്. ഈ പ്രവൃത്തികളുടെ ടെണ്ടർ ഫോം വിലയായി ഗ്രാമ പഞ്ചായത്തിനു ലഭിക്കേണ്ട രൂ:69680/- (അറുപത്തൊൻപതിനായിരത്തി അറുന്നൂറ്റി എൺപതു രൂപ) നാളിതുവരെ ലഭ്യമായിട്ടില്ല. എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ (പാലക്കാട് ജില്ലാ പഞ്ചായത്ത്) നിന്നും തുക ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് | എസ്റ്റിമേറ്റ് തുക | ടെണ്ടർ ഫോം വില | വിൽപ്പന നികുതി | ടെണ്ടർ സമർപ്പിച്ച കരാറു കാരുടെ എണ്ണം | ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക |
|---|---|---|---|---|---|---|
| 1 | 122/17:കൊട്ടേക്കാട് കോളനി സംരക്ഷണ പ്രവൃത്തികൾ | 1000000 | 2000 | 100 | 2 | 4000 |

| | | | | | | |
|---|---|---|---|---|---|---|
| 2 | 167/17: കുളവൻകാട് കുളം സംരക്ഷണ പ്രവൃത്തികൾ | 1000000 | 2000 | 100 | 2 | 4000 |
| 3 | 191/17: കുളവൻകാട് കുളം നവീകരണ പ്രവൃത്തികൾ | 800000 | 1600 | 80 | 2 | 3200 |
| 4 | 196/17: പെരുങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത് - പരുത്തിപ്പുള്ളിയിലെ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | 18150000 | 5000 | 250 | 11 | 55000 |
| 5 | 235/17: പരുത്തിപ്പുള്ളി ചേന്ദംകാട് റോഡ് രൂപീകരണം | 2000000 | 5000 | 250 | 2 | 10000 |
| | ആകെ | | | | | 76200 |

76200 രൂപ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ആവശ്യപ്പെടേണ്ടതും തനത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതുമാണ്. വിൽപ്പന നികുതി തുകെ വിൽപ്പന നികുതി വകുപ്പിന് അടച്ചെന്ന് ഉറപ്പുരുത്തേണ്ടതാണ്.

## 2-4 ടെണ്ടർ ഫോമിനോടൊപ്പം ഈടാക്കിയ വാറ്റ് സംസ്ഥാന സർക്കാരിലേക്ക് അടക്കണം

2016-17 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ടെണ്ടർ ഫോമിന്റെ വിലയോടൊപ്പം പിരിച്ചെടുത്ത വാറ്റ് രൂ:6810/- തനതു ഫണ്ടിൽ അടച്ചത് സംസ്ഥാന സർക്കാരിലേക്ക് അടച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| തുക അടച്ച രസീതി നം. | ടെണ്ടർ ഫോം വില | വാറ്റ് | ആകെ തുക |
|---|---|---|---|
| 11602102529/7.12.16 | 57400 | 2870 | 60270 |
| 11602102978/17.1.17 | 45000 | 2250 | 47250 |
| 11602104113/27.2.17 | 33800 | 1690 | 35490 |
| ആകെ | 136200 | 6810 | 143010 |

നികുതിയിനത്തിൽ പിരിച്ചെടുത്ത രൂ:6810/- അടിയന്തിരമായി സംസ്ഥാന സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ (നം.10/14-08-2017)ത്തിന് തുക സർക്കാരിലേക്ക് അടവാക്കുന്നതാണെ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ക്ഷീര കർഷകർക്ക് സബ്സിഡി - തുക ഗുണഭോക്താക്കൾക്ക് മുഴുവനായും ലഭ്യമായില്ല

പ്രോജക്ടിന്റെനമ്പറും പേരും - 69/17, ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി
നിർവ്വഹണോദ്യഗസ്ഥൻ - ക്ഷീര വികസന ഓഫീസർ

| ചെലവ് വിവരം | |
|---|---|
| ബിൽ നം./ചെക്ക് നം./തീയതി | തുക |
| 1405/52022301156/28-03-2017 | 330546 |
| 1539241/28-03-2017 | 100000 |
| 1539242/28-03-2017 | 100000 |
| 1539243/28-03-2017 | 100000 |
| ആകെ | 630546 |

മേൽ പ്രോജക്റ്റ് പ്രകാരം ക്ഷീര സംഘങ്ങൾ മുഖേന ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിന് തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്ഷീര സംഘത്തിന്റെ പേര് | ക്ഷീര സംഘങ്ങൾക്ക് കൈമാറിയ തുക (രൂപ) | ക്ഷീര സംഘങ്ങൾ ചെലവഴിച്ച തുക (രൂപ) | ക്ഷീര സംഘങ്ങൾ ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|
| 1 | പരുത്തിപ്പുള്ളി ക്ഷീര സംഘം | 135858 | 129281 | 6577 |
| 2 | പെരിങ്ങോട്ടുകുറിശ്ശി ക്ഷീര സംഘം | 137458 | 137458 | 0 |
| 3 | മന്നത്തുകാവ് ക്ഷീര | 85040 | 80096 | 4944 |

| | | | | |
|---|---|---|---|---|
| | സംഘം | | | |
| 4 | മണിയംപാറ ക്ഷീര സംഘം | 106918 | 106918 | 0 |
| 5 | നടുവത്തുപ്പാറ ക്ഷീര സംഘം | 97220 | 97220 | 0 |
| 6 | ചൂലനൂർ ക്ഷീര സംഘം | 68052 | 68052 | 0 |
| | ആകെ | 630546 | 619025 | 11521 |

ക്ഷീര സംഘങ്ങൾക്ക് കൈമാറിയ തുക സംബന്ധിച്ച് സംഘങ്ങളുടെ ബാങ്ക് പാസ് ബുക്ക്/സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ മേൽ പറഞ്ഞ പ്രകാരം നാളിതുവരെയും ചെലവഴിക്കാതെ 11,521 രൂപ ക്ഷീര സംഘങ്ങളുടെ അക്കൗണ്ടിൽ കിടക്കുന്നുണ്ട്. ആയത് ഗുണഭോക്താക്കൾക്ക് നൽകാത്ത പക്ഷം തിരികെ അടവാക്കേണ്ടതാണ്. ആയതിലേക്കായി 11,521 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം [നം.11/14-08-2017] നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

## 3-2 പാലിയേറ്റീവ് കെയർ - മരുന്ന് നാളിതുവരെയും ലഭ്യമായിട്ടില്ല

പ്രോജക്ട് നം :62/17 (പാലിയേറ്റീവ് കെയർ-ജനറൽ)
നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ- പി.എച്ച്.സി

| ചെലവ് വിവരം | |
|---|---|
| ബിൽ നം./തീയതി | തുക |
| 13/30-03-2017 | 30320 |
| 10/13-03-2017 | 38100 |
| 11/27-03-2017 | 23100 |
| 5/27-02-2017 | 27700 |
| 9/01-03-2017 | 80000 |
| 6/27-2-2017 | 23100 |
| 1/25-10-2016 | 113030 |
| 3/17-12-2016 | 20000 |
| ആകെ | 355350 |

മേൽ പ്രോജക്ട് പ്രകാരം മരുന്ന വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 80000 രൂപ (ബിൽ നം.9/01-03-2017) മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന്

നാളിതുവരെയും ലഭ്യമായിട്ടില്ല. ആവശ്യമായ സമയങ്ങളിൽ മരുന്ന് എത്തിക്കാൻ കഴിയാതിരിക്കുന്നത് മൂലം യഥാർത്ഥ ഗുണം രോഗികൾക്ക് ലഭ്യമാവാത്ത സ്ഥിതി വിശേഷം ഉണ്ടാവുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തി (നം.6/14-08-2017)ന് മരുന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 പി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ - മരുന്ന് മുഴുവനായും ലഭ്യമാക്കേണ്ടതാണ്

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണോദ്യഗസ്ഥനായി നടപ്പിലാക്കിയ പി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ (Project No.66/17) എന്ന പ്രോജക്ട് പ്രകാരം പി.എച്ച്.സി യുടെ ആവശ്യത്തിനായി മരുന്നു വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 57430 രൂപ (ബിൽ നം.4/24.01.2017) മുൻകൂർ നൽകിയിട്ടുണ്ട്. ആയതിൽ നാളിതുവരെ 39487 രൂപയുടെ മരുന്ന് ലഭ്യമായി. ബാക്കിയുള്ള 17943 (57430-39487) രൂപയുടെ മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്. {ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/14-08-2017) ബാക്കിയുള്ള മരുന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് }

## 3-4 മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നടപ്പാക്കിയ പദ്ധതികൾ

ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം.53/17) എന്ന ഒരു പദ്ധതി മാത്രമാണ് മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) തൻവർഷം നടപ്പാക്കിയത്. റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും രൂ:200,000/- വകയിരുത്തി ആവിഷ്കരിച്ച ഈ പദ്ധതിക്കായി ബിൽ നം.2/19.12.2016 പ്രകാരം ട്രഷറിയിൽ നിന്നും മാറി ഡി.ഡി.നം.065354/20.12.16 പ്രകാരം 2,00,000.00 രൂപ ഔഷധിക്ക് നൽകി. 29.12.16ന് മെഡിക്കൽ ഓഫീസറും ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷനും (ഔഷധി) തമ്മിൽ ഒപ്പുവെച്ച കരാർ പ്രകാരം 3 മാസത്തിനുള്ളിൽ മുഴുവൻ ഔഷധങ്ങളും ലഭ്യമാവേണ്ടതായിരുന്നു. എന്നാൽ ഔഷധിയിൽ നിന്നും നാളിതുവരെ രൂ:180,727/-നുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായത്. ലഭ്യമായ മരുന്നുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ഇൻവോയ്സ് നം. | തുക (രൂപ) | ഔഷധയിനങ്ങളുടെ എണ്ണം |
|---|---:|:---:|
| 3047/31.12.16 | 71235 | 18 |
| 4352/27.02.17 | 18676 | 05 |
| 4704/18.03.17 | 73568 | 14 |
| 4987/31.03.17 | 17248 | 06 |
| ആകെ | 180727 | |

ഇനിയും രൂ:19,273/-നുള്ള മരുന്നുകൾ ലഭിക്കാനുണ്ട്. ഇത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ച്

ഓഡിററിനെ അറിയിക്കേണ്ടതാണ്.

## 3-5 മെഡിക്കൽ ഓഫീസർ (ഹോമിയോ) നടപ്പാക്കിയ പദ്ധതികൾ

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ (പ്രോജകട് നം.52/17) എന്ന ഒരു പദ്ധതി മാത്രമാണ് മെഡിക്കൽ ഓഫീസർ (ഹോമിയോ) തൻവർഷം നടപ്പാക്കിയത്. റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും രൂ:100,000/- വകയിരുത്തി ആവിഷ്കരിച്ച ഈ പദ്ധതിക്കായി ബിൽ നം.1/12.01.17 പ്രകാരം ട്രഷറിയിൽ നിന്നും 1,00,000.00 രൂപ മാറി ഡി.ഡി.നം.205670/12.01.17 പ്രകാരം ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 ആശ്രയ - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പ്രോജക്റ്റ് നമ്പറും പേരും - 172/17, ആശ്രയ ഭവനം (എസ്.സി)

അടങ്കൽ-600000 (പ്ലാൻ ഫണ്ട്- എസ്.സി.പി)

ചെലവ്- 60000 (ബിൽ നം.3/06-03-2017)

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

രണ്ട് ഗുണഭോക്താക്കൾക്കായി പ്രോജക്റ്റ് വെച്ചെങ്കിലും ഒരു ഗുണഭോക്താവ് മാത്രമാണ് കരാർ ചമച്ച് ഭവന നിർമ്മാണം ആരംഭിച്ചത്. ടി ഗുണഭോക്താവ് (ശ്രീമതി. അമ്മു, വെങ്കലത്തൂർ, ചൂലനൂർ) 60000 രൂപ ആദ്യ ഗഡു വാങ്ങിയ ശേഷം നാളിതുവരെയും പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 മേൽപ്പുര നവീകരണം (എസ്.സി.പി)-വാല്വേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ സബ്സിഡി അനുവദിച്ചു

പ്രോജക്ട്നം :78/17 (മേൽപ്പുര നവീകരണം) Spill Over

ചെലവ്- 1,10,000/- രൂപ (ബിൽ നം :1/18-10-2017)

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

സ്പിൽ ഓവർ പ്രോജക്റ്റായി 2016-17 ൽ നടപ്പിലാക്കിയ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 11 ഗുണഭോക്താക്കൾക്കായി മേൽപ്പുര നവീകരണത്തിന് രണ്ടാം ഗഡുവായി 10000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. എന്നാൽ രണ്ടാം ഗഡു അനുവദിച്ചത് Valuation Certificate, Completion Certificate എന്നിവ ലഭ്യമാക്കാതെയാണ്. സബ്സിഡി മാർഗ്ഗരേഖ {ജി.ഒ(എം.എസ്)നം.4/2016/തസ്വഭവ, തീയതി.11.01.2016} പ്രകാരം സബ്സിഡി തുക അനുവദിക്കുന്നത് എസ്റ്റിമേറ്റിന്റെയും, എൽ.എസ്.ജി.ഡി എഞ്ചിനീയർ തയ്യാറാക്കിയ Valualtion Certificate ന്റെയും അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പിൽ ഇപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ്

അന്വേഷണത്തിന് (നം.3/10-08-2017) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 110000 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. തുക കൈപ്പറ്റിയ ഗുണഭോക്താക്കൾക്കുളടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേരും വിലാസവും |
|---|---|
| 1 | ഗോവിന്ദൻ S/o ചിന്നൻ, ഒതിയംകോട് |
| 2 | തങ്ക D/o ചാമി, കുറിയിൽപ്പടി വീട്, ചൂലനൂർ |
| 3 | ജാനകി W/o മായപ്പൻ, പിലാക്കൽ, പരുത്തിപ്പുള്ളി |
| 4 | രാജൻ.കെ.കെ, കോട്ടക്കുളങ്ങര വീട്, പരുത്തിപ്പുള്ളി |
| 5 | ലക്ഷ്മി W/o മണി, പുറയുത്തു പറമ്പ്, പരുത്തിപ്പുള്ളി |
| 6 | ചിന്ന W/o വേലായുധൻ, കണക്കത്തറ, പരുത്തിപ്പുള്ളി |
| 7 | ചന്ദ്രൻ S/o ശങ്കരൻ, ചെട്ടിയൻകാട്, നടവത്തുപ്പാറ |
| 8 | പഴണിമല S/o കേളി, കളരിപ്പറമ്പ്, പരുത്തിപ്പുള്ളി |
| 9 | വില്വാദ്രി S/o ചാമി, കണക്കത്തറ, പരുത്തിപ്പുള്ളി |
| 10 | കല്ല്യാണി W/o വേലായുധൻ, തോട്ടത്തറ, പരുത്തിപ്പുള്ളി |
| 11 | കണ്ടൻ S/o ചാത്തൻ, ഓട്ടുവൻകാട്, പെരിങ്ങോട്ടുകുറിശ്ശി |

ഒരു ഗുണഭോക്താവിന് നൽകിയ ആകെ സ്ബ്സിഡി 20,000.00 രൂപയാണ്.

## **3-8** കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

2016-17 വർഷത്തിൽ വെറ്ററിനറി സർജൻ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (പ്രൊജക്ട് നം.86/17) പ്രകാരം വികസന ഫണ്ടിൽ നിന്നും ബിൽ നം. 3/28-3-2017 പ്രകാരം 312500 രൂപ പിൻവലിച്ച് അസിസ്റ്റന്റ് ഡയറക്ടർ ഓഫ് കാഫ് ഫീഡിന് നൽകിയിട്ടുണ്ട്. 50 ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്ക് ആവശ്യമായ തുകയാണ് നൽകിയിട്ടുള്ളത്. പദ്ധതി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.12/14-8-2017)

## **3-9** ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് -വാർഷികബത്ത നൽകിയിട്ടില്ല

പ്രോജക്ട് നം. 59/16-17

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്, പെരിങ്ങോട്ടുകുറിശ്ശി

അടങ്കൽ - 311200 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)+ബ്ലോക്ക് വിഹിതം- 50000

ചെലവ്-311200 (ബിൽ നം. 4/06-02-2017 )+50000 (ചെക്ക് നം.93014/24-12-17)

ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുമ്പോൾ ഓരോ ക്ലാസിൽ പഠിക്കുന്ന വിദ്യാർഥിക്കും സർക്കാർ നിശ്ചിത നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. മൊത്തം 32 കുട്ടികൾക്കാണ് സ്കോളർഷിപ്പ് അനുവദിച്ചിരിക്കുന്നത്. എന്നാൽ 2016-17 വർഷത്തിൽ ശാരീരിക വെല്ലുവിളികൾ നേരിടുന്ന താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട നിരക്കിൽ വാർഷികബത്ത നൽകിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | ക്ലാസ്സ് | നൽകേണ്ട തുക | നല്കിയ തുക | വ്യത്യാസം |
|---|---|---|---|---|
| സൂരജ് | 4 | 5300 | 4800 | 500 |
| ഉണ്ണിമായ | 10 | 8000 | 7200 | 800 |
| ഫസൽ | 9 | 8000 | 7200 | 800 |
| മനോജ് | 8 | 6600 | 6000 | 600 |

ആയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം13/14-8-2017) വാർഷികബത്തകൂടി നൽകാൻ ഗ്രാമപഞ്ചായത്തിൽ ഫണ്ട് ലഭ്യമല്ലാത്തതിനാലാണ് നൽകാതിരുന്നത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വരും വർഷങ്ങളിൽ പ്രോജക്ട് നിർവ്വഹണം നടത്തുമ്പോൾ സ്കോളർഷിപ്പ് ഇനത്തിൽ അർഹമായ തുക വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 വ്യക്തിഗത കക്കൂസ് നിർമ്മാണ പ്രവർത്തനങ്ങളുടെ അവലോകനം

അടങ്കൽ- 3442800 (സാധാരണ വിഹിതം- 1166000+ധനകാര്യ കമ്മീഷൻ അവാർഡ്- 2276800)
ചെലവ്- 2983200 (സാധാരണ വിഹിതം- 1166000+ധനകാര്യ കമ്മീഷൻ അവാർഡ്- 1817200)
നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ

പഞ്ചായത്ത് തൻവർഷം ഏറ്റെടുത്തു നടപ്പിലാക്കിയ ' വ്യക്തിഗത കക്കൂസ് നിർമ്മാണം' എന്ന

പദ്ധതി പ്രകാരം 204 ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കുകയും 2983200 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 22 ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | ബിൽ നമ്പർ | തുക |
|---|---|---|
| 1 | 1/16-17/ 5.9.16 | 500000 |
| 2 | 2/16-17/ 6.9.16 | 666000 |
| 3 | 3/ 16-17/ 28.9.16 | 824000 |
| 4 | 5/16-17/ 28.10.16 | 774000 |
| 5 | 20/16-17/ 30.3.17 | 178800 |
| 6 | 25/16-17/31.3.17 | 40400 |
| | ആകെ | 2983200 |

ഒ.ഡി.എഫ് പദ്ധതിക്കായി ശുചിത്വ മിഷൻ മുഖേന 2250000 രൂപ കേന്ദ്ര വിഹിതമായി ലഭ്യമായിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ)നം.2235/2016/ത.സ്വ.ഭ.വ തിയ്യതി 25.7.2016 പ്രകാരം ഒ.ഡി.എഫ് പദ്ധതിയുടെ കേന്ദ്രവിഹിതം പദ്ധതി നടത്തിപ്പിനുശേഷം ലഭ്യമായാൽ ടി തുക പദ്ധതി പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതനുസരിച്ച് കേന്ദ്രവിഹിതം വകയിരുത്തി തൻവർഷം 2052000 രൂപ വിവിധ പദ്ധതികൾക്ക് വിനിയോഗിച്ചിട്ടുണ്ട്. കേന്ദ്രവിഹിതം ലഭ്യമായതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | 874678/27.12.16 | 1050000 |
| 2 | 111519/17.3.17 | 1200000 |
| | ആകെ | 2250000 |

കേന്ദ്ര വിഹിതത്തിൽ ലഭ്യമാകാൻ അവശേഷിക്കുന്ന തുക കൂടി ലഭ്യമാക്കാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും അവശേഷിക്കുന്ന 22 ഗുണഭോക്താക്കളുടെ പ്രവൃത്തി പൂർത്തികരിക്കേണ്ടതുമാണ്. ഓഡിറ്റ് അന്വേഷണം നം.14/14.8.17 ന് മറുപടി ലഭ്യമായിട്ടില്ല.

## 3-11 ഡെപ്പോസിറ്റ് വർക്ക് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം തെരുവു വിളക്ക് സ്ഥാപിക്കുന്നതിനാവശ്യമായ സ്ട്രീറ്റ് മെയിൻ വലിക്കൽ, സമ്പൂർണ്ണ വൈദ്യുതീകരണം എന്നിവയ്ക്കായി തുക കെ.എസ്.ഇ.ബി. യിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയും പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് {നം.9/14-08-2017}വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി കെ.എസ്.ഇ.ബി ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. )

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/വൗച്ചർ നം. | മുൻകൂർ നൽകിയ തുക (രൂപ) |
|---|---|---|---|
| കെ.എസ്.ഇ.ബി | 210/17, സമ്പൂർണ്ണ വൈദ്യുതീകരണം പഞ്ചായത്ത് വിഹിതം അടക്കൽ | 21/08-03-2017 | 84200 |
| കെ.എസ്.ഇ.ബി | 212/17- 13, 14 വാർഡുകളിലെ വിവിധ സ്ഥലങ്ങളിൽ വൈദ്യൂതീകരണം | 32/28-03-2017 | 139675 |
| കെ.എസ്.ഇ.ബി | 170/17, വിവിധ എസ്.സി കോളനികളിൽ സ്ട്രീറ്റ് മെയിൽ സ്ഥാപിക്കൽ | 31/28-03-2017 | 351000 |
| കെ.എസ്.ഇ.ബി | 226/17, 7-ാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ വൈദ്യൂതീകരണം | 1018/17-03-2017 | 99850 |
| കെ.എസ്.ഇ.ബി | 213/17, 5-ാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ വൈദ്യൂതീകരണം | 1007/16-03-2017 | 99775 |
| കെ.എസ്.ഇ.ബി | 227/17, 16-ാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ വൈദ്യൂതീകരണം | 1075/28-03-2017 | 97520 |
| കെ.എസ്.ഇ.ബി | 225/17, 2-ാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ വൈദ്യൂതീകരണം | 882/22-02-2017 | 119725 |

## 3-12 അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ പദ്ധതികൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച 112 (7 സ്പിൽ ഓവർ +105പുതിയത്) പദ്ധതികളിൽ 92 എണ്ണം (7 സ്പിൽ ഓവർ + 85 പുതിയത്) തൻ വർഷം നടപ്പാക്കി. കരാറുകാർ തന്നെ ബിറ്റുമിൻ വാങ്ങി പ്രവൃത്തികൾ നിർവ്വഹിച്ചതിനാൽ 82% മരാമത്ത് പ്രവൃത്തികൾ തൻവർഷം തന്നെ നടപ്പാക്കാനായി.

അസിസ്റ്റന്റ് എഞ്ചിനീയർ ഇ-ടെണ്ടർ ചെയ്ത അഞ്ചു പ്രവൃത്തികളുടെ ടെണ്ടർ ഫോം

വിലയിനത്തിൽ ലഭിക്കേണ്ട രൂ:76200/- പാലക്കാട് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (തദ്ദേശ സ്വയം ഭരണ വകുപ്പ്) അക്കൌണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല. വിശദ വിവരങ്ങൾ ഈ റിപ്പോർട്ടിന്റെ രണ്ടാം ഭാഗത്ത് മൂന്നാം ഖണ്ഡികയായി ചേർത്തിട്ടുണ്ട്.

ഇ-ടെണ്ടർ ചെയ്യുന്ന പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്ന നിരത ദ്രവ്യം ടെണ്ടർ നടപടി ക്രമങ്ങൾ പൂർത്തിയാകുന്ന മുറക്ക് ഇ.ഇ.യുടെ അക്കൌണ്ടിൽ നിന്നു തന്നെ തിരികെ കരാറുകാരന് ലഭ്യമാവുന്നുണ്ട്.

പ്രവൃത്തികളുടെ ഫയലുകൾ തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണങ്ങളുടെ മറുപടികൾ പരിഗണിച്ച ശേഷം തയ്യാറാക്കിയ പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1.<u>അനുവദിച്ച തുകയുടെ 52.57% മാത്രമേ അസിസ്റ്റന്റ് എഞ്ചിനീയർ ചെലവഴിച്ചുള്ളൂ</u>

അസിസ്റ്റന്റ് എഞ്ചിനീയർക്ക് അനുവദിച്ച 57157184രൂപയിൽ 30047105രൂപയാണ് (52.57%) ഈ സാമ്പത്തിക വർഷത്തിൽ ചെലവഴിക്കാനായത്. തനതു ഫണ്ട് ഒഴികെയുള്ള ഫണ്ടുകൾ മാത്രം കണക്കാക്കിയാൽ 55.3% ചെലവഴിച്ചിട്ടുണ്ട്. 12ാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷം സർക്കാരിൽ നിന്നും ലഭിച്ച തുകകളുടെ 44.7% ചെലവഴിക്കാതിരുന്നത് ശരിയായ നടപടിയല്ല. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവു ശതമാനം |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം - സാധാരണ വിഹിതം) | 5410705 | 2582051 | 47.72 |
| വികസന ഫണ്ട് (എസ്.സി.പി) | 12999008 | 11103016 | 85.41 |
| വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) | 580000 | 567276 | 97.81 |
| വികസന ഫണ്ട് (ലോക ബാങ്ക് സഹായം) | 23057781 | 4314962 | 18.71 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 10063331 | 9694811 | 96.34 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 2221359 | 1784989 | 80.36 |
| തനത് ഫണ്ട് | 2825000 | 0 | 0 |
| ആകെ | 57157184 | 30047105 | 52.57 |

2. <u>മരാമത്ത് പണികളുടെ കരാർ ഒപ്പുവെക്കുവാൻ കാലതാമസം - നിയമാനുസൃതം പിഴ ഈടാക്കിയിട്ടില്ല</u>

കേരള പൊതുമരാമത്ത് മാന്വൽ 2012ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2009.6 പ്രകാരം

ടെണ്ടർ അംഗീകരിച്ച് 7 ദിവസങ്ങൾക്കുള്ളിൽ സെലക്ഷൻ നോട്ടീസ് അയക്കേണ്ടതും സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനുള്ളിൽ എഗ്രിമെന്റ് വെക്കേണ്ടതും, ഈ സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാത്ത പക്ഷം അടുത്ത പത്ത് ദിവസങ്ങൾക്കുള്ളിൽ കരാർതുകയുടെ 1% പിഴയോടുകൂടി കരാർ വെക്കാവുന്നതും, ഈ പരിധിയും കഴിഞ്ഞാൽ ഇ.എം.ഡി കണ്ടുകെട്ടി ആ കരാറുകാരനെ ഒഴിവാക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ തക്കസമയത്ത് എഗ്രിമെന്റ് വെക്കാതിരുന്നിട്ടും പിഴ ഈടാക്കാതെ അതേ കരാറുകാരനുതന്നെ പ്രവൃത്തി ഏൽപ്പിച്ചതായി കാണുന്നു. കരാർതുകയുടെ 1% പിഴ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

a. പ്രോജക്ടിന്റെ നമ്പർ/പേര്: 190/17: പെരുവല കനാൽ ബണ്ട് റോഡ് മെറ്റലിങ്ങ്

അടങ്കൽ: രൂ:324847/-(ലോകബാങ്ക് ധനസഹായം )

ചെലവ്: രൂ:322911/- (ബിൽ നം.81/31.03.17)

കോൺട്രാക്ടർ : ശ്രീ.രമേഷ്.ആർ, കരാർ നമ്പർ:38/16.01.2017

അളവു പുസ്തകം നം: 38/16-17, കരാർ തുക: രൂ:324847/-

ടെണ്ടർ അംഗീകരിച്ച തീയതി : 14.12.2016

പിഴയില്ലാതെ കരാർ ഒപ്പിടേണ്ട അവസാനതീയതി: 07.01.2017

കരാർ ഒപ്പിട്ട തീയ്യതി : 16.01.2017

ഈടാക്കേണ്ട പിഴ : 324847*1% : രൂ:3248/-

b. പ്രോജക്ടിന്റെ നമ്പർ/പേര്: 194/17: മണ്ഡപത്തിൻകാവ് ആശാരിത്തറ റോഡ് നവീകരണ പ്രവൃത്തികൾ

അടങ്കൽ: രൂ:200000/-(ലോകബാങ്ക് ധനസഹായം )

ചെലവ്: രൂ:200000/- (ബിൽ നം.ബിൽ നം.51/29.3.17 )

കോൺട്രാക്ടർ : ശ്രീ.രാമദാസൻ.എം, കരാർ നമ്പർ:37/10.01.2017

അളവു പുസ്തകം നം: 37/16-17, കരാർ തുക: രൂ:200000/-

ടെണ്ടർ അംഗീകരിച്ച തീയതി : 14.12.2016

പിഴയില്ലാതെ കരാർ ഒപ്പിടേണ്ട അവസാനതീയതി: 04.01.2017

കരാർ ഒപ്പിട്ട തീയ്യതി : 10.01.2017

ഈടാക്കേണ്ട പിഴ : 200000*1% : രൂ:2000/-

c. പ്രോജക്ടിന്റെ നമ്പർ/പേര്: 71/17(S0): ഉറുകണ്ണിപ്പറമ്പ്, വലിയപറമ്പ്, നീളിപ്പറമ്പ് കോളനി സംരക്ഷണം.

അടങ്കൽ: രൂ:200000/- [പ്ലാൻ (SCP)]

ചെലവ്: രൂ:198000/- ( ബിൽ നം.80/31.3.17 )

കോൺട്രാക്ടർ : ശ്രീ.രാമദാസൻ.എം, കരാർ നമ്പർ:117/26.03.2016

അളവു പുസ്തകം നം: 55/16-17,കരാർ തുക: രൂ:200000/-

ടെണ്ടർ അംഗീകരിച്ച തീയതി : 12.08.2015

പിഴയില്ലാതെ കരാർ ഒപ്പിടേണ്ട അവസാനതീയതി: 02.09.2015

കരാർ ഒപ്പിട്ട തീയ്യതി : 26.03.2016

ഈടാക്കേണ്ട പിഴ : 200000*1% : രൂ:2000/-

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള [നം.5(1)] മറുപടിയിൽ എത്രയും പെട്ടെന്ന് ഈ അപാകത പരിഹരിക്കുമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. പിഴയിനത്തിൽ ഈടാക്കേണ്ട രൂ:7248/- ഈടാക്കി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

3.കരാർ പ്രകാരമുള്ള സമയത്ത് പ്രവൃത്തി പൂർത്തിയാക്കാതിരുന്നിട്ടും കാലതാമസത്തിനുള്ള പിഴ ഈടാക്കിയിട്ടില്ല

താഴെ പറയുന്ന പ്രവൃത്തികൾ കരാറിൽ പറഞ്ഞ സമയത്ത് പൂർത്തീകരിച്ചിരുന്നില്ലെങ്കിലും അവസാന ബിൽതുക നൽകുമ്പോൾ കരാർ ഖണ്ഡിക 7 പ്രകാരം പിഴ ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

a) 70/17(SO): പഴയിടത്ത് റോഡ് അഭിവൃദ്ധി പ്രവൃത്തികൾ - എസ്.സി.പി (ബിൽ നം.4/31.12.16)

അടങ്കൽ: രൂ:200000/- [മെയിന്റനൻസ് ഗ്രാന്റ് (റോഡ് )]

ചെലവ്: രൂ:200000/- (ബിൽ നം.4/31.12.16)

കരാർ നം.11/9.7.15 കരാർ തുക:രൂ:200000/- കരാറുകാരൻ: ശ്രീ. സുനിൽ. എസ്

അളവു പുസ്തകം നം.11/15-16 ആകെ പ്രവൃത്തി മൂല്യം: രൂ:200000/-

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 31.3.16 പൂർത്തീകരിച്ച തീയതി: 24.11.16

ഈടാക്കേണ്ട പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

പിഴ: 01.04.16 മുതൽ 24.05.16വരെ: ഗ്രേസ് പിരിയഡ് = 0 .00

പിഴ: 25.05.16 മുതൽ 24.08.16 വരെ: 200000*1% =2000.00

പിഴ: 25.08.16 മുതൽ 23.11.16 വരെ: 200000*2% =4000.00

പിഴ: ആകെ =6000.00

b) 71/17(S0): ഉറുകണ്ണിപ്പറമ്പ്, വലിയപറമ്പ്, നീളിപ്പറമ്പ് കോളനി നംരക്ഷണം.

അടങ്കൽ: രൂ:200000/- [പ്ലാൻ (SCP)]

ചെലവ്: രൂ:198000/- (ബിൽ നം.80/31.3.17)

കരാർ നം.117/26.03.2016 കരാർ തുക:രൂ:200000/- കരാറുകാരൻ: ശ്രീ.രാമദാസൻ.എം

അളവു പുസ്തകം നം.55/16-17 ആകെ പ്രവൃത്തി മൂല്യം: രൂ:198000/-

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 25.06.2016 പൂർത്തീകരിച്ച തീയതി: 20.03.2017

ഈടാക്കേണ്ട പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

പിഴ: 26.06.16 മുതൽ 11.07.16വരെ: ഗ്രേസ് പിരിയഡ് = 0 .00

പിഴ:12.07.16 മുതൽ 11.10.16 വരെ: 200000*1% =2000.00

പിഴ: 12.10.16 മുതൽ 11.01.17 വരെ: 200000*2% =4000.00

<u>പിഴ: 12.01.17 മുതൽ 19.03.17 വരെ: 200000*2%*67/90 =2978.00</u>

പിഴ: ആകെ =8978.00

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള [നം.5(2))]മറുപടിയിൽ ഫയലുകൾ പരിശോധിച്ചതിനുശേഷം വിശദമായ മറുപടി സമർപ്പിക്കാമെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

പിഴയിനത്തിൽ ഈടാക്കേണ്ട രൂ:14978/- (6000+8978) ഈടാക്കി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് നിശ്ചിത കാലയളവിനുള്ളിൽ തന്നെ മറുപടി ലഭ്യമാക്കേണ്ടതാണ്.

4.<u>പരുത്തിപ്പുള്ളിയിലെ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം പൂർത്തീകരിക്കണം</u>

ലോക ബാങ്ക് ധന സഹായത്തിൽ നിന്നും രൂ:1,81,50,000/- വകയിരുത്തി ആവിഷ്കരിച്ച 196/17:പെരിങ്ങോട്ടുകുറിശ്ശി ഗ്രാമ പഞ്ചായത്ത് - പരുത്തിപ്പുള്ളിയിലെ കമ്മ്യൂണിറ്റി ഹാൾ എന്ന പദ്ധതിക്കായി 2016-17 വർഷം ഒന്നാം പാർട്ട് ബിൽ ആയി രൂ:12,82,377/- ബിൽ നം.89/31.03.17 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ലോകബാങ്ക് ധനസഹായം നഷ്ടപ്പെടാതെ പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-13 <u>ഗുണഭോക്തൃ വിഹിതം തിരികെ നൽകേണ്ടതാണ്</u>

2016-17 വാർഷിക ധനകാര്യ പത്രികയനുസരിച്ച് (AFS Schedule B-4) മുൻ വർഷത്തെ വിവിധ പദ്ധതികൾ പ്രകാരം പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതവും, തൻവർഷം പിരിച്ച ഗുണഭോക്തൃ വിഹിതവും ചേർന്ന് 63210 രൂപ നാളിതുവരെയും ഗുണഭോക്താക്കൾക്ക് തിരികെ നൽകാതെ ബാധ്യതയായി അവശേഷിക്കുന്നു. പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ പിരിച്ചെടുത്ത തുക തിരികെ ഗുണഭോക്താക്കൾക്ക് തന്നെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 ഗായത്രി വാട്ടർ ഷെഡ് പ്ലാൻ - പദ്ധതി ഉപേക്ഷിച്ചതിനാൽ ജില്ലാ പഞ്ചായത്ത് വിഹിതം തിരികെ അടവാക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് പദ്ധതി നടപ്പിലാക്കാതെ ഉപേക്ഷിച്ചതിനാൽ ഗായത്രി വാട്ടർ ഷെഡ് പ്ലാൻ 2015-16 പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭ്യമായ 12500 രൂപ, തനത് ഫണ്ടിൽ (AFS Schedule B-4) ചെലവഴിക്കാതെ കിടക്കുകയാണ്. തുക തിരികെ അടവാക്കേണ്ടതാണ്.

## 3-15 സാക്ഷരത പ്രേരക് മാർക്ക് തനത് ഫണ്ടിൽ നിന്നും ഓണറേറിയം നൽകിയത് തിരികെ ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന സാക്ഷരത പ്രേരക്മാർക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 12/2015 മുതൽ 12/2016 വരെയുള്ള കാലയളവിൽ ഓണറേറിയം, ഫെസ്റ്റിവൽ അലവൻസ് എന്നീ ഇനങ്ങളിൽ നൽകിയ തുകയായ 119700 രൂപ നാളിതുവരെയും സാക്ഷരത മിഷനിൽ നിന്നും തിരികെ ലഭ്യമായിട്ടില്ല. കൂടാതെ മുൻ വർഷങ്ങളിലെ (12/2015 ന് മുമ്പ്) ഓണറേറിയം ഇനത്തിൽ തിരികെ ലഭ്യമാക്കാൻ ബാക്കിയുള്ള 3095 (85955-82860) രൂപ കൂടി ലഭ്യമാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രേരക് മാരുടെ പേര് | ഓണറേറിയം | ഫെസ്റ്റിവൽ അലവൻസ് | ആകെ |
|---|---|---|---|
| പ്രേമലത.പി | 37700 | 2200 | 39900 |
| ജിൻഷി.കെ.ജെ | 37700 | 2200 | 39900 |
| സ്മിത.എൻ | 37700 | 2200 | 39900 |
| മുൻ വർങ്ങളിലെ തിരികെ ലഭ്യമാക്കാൻ ബാക്കിയുള്ള തുക (85955-82860) | 3095 | - | 3095 |
| ആകെ | 116195 | 6600 | 122795 |

സാക്ഷരത മിഷനിൽ നിന്നും തിരികെ ഈടാക്കാനുള്ള തുക ലഭ്യമാക്കി തനത് ഫണ്ടിലേക്ക്

മുതൽക്കൂട്ടേണ്ടതാണ്.

## 3-16 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2005ൽ നിലവിൽ വന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2006-07 സാമ്പത്തിക വർഷം മുതൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ വിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഈട്ടു നിൽക്കുന്ന ആസ്തികളുടെ രൂപീകരണവും ഗ്രാമീണ ദരിദ്രരുടെ ജീവിതോപാധികൾ ശക്തിപ്പെടുത്തൽ എന്നതുമാണ് സ്കീമിന്റെ പ്രധാന ലക്ഷ്യം. 2016-17 വർഷത്തെ പദ്ധതി നടത്തിപ്പ് രേഖകൾ പരിശോധനക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം. | വിശദാംശം | 2016-17 വർഷം |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3801 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 3801 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 611 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 15,16,31,000 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 133 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 117 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം, മെറ്റീരിയൽസിന്റെ ചെലവ് | ഒന്നുമില്ല |
| 8 | തൻവർഷത്തെ വരവ് (മുന്നിരിപ്പും പലിശയും ഉൾപ്പെടെ) | 25603670 |
| 9 | തൻവർഷത്തെ ചെലവ് | 25599494 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 2778 |

| ക്രമനം. | വിശദാംശം | 2016-17 വർഷം |
|---|---|---|
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2304 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 10 |
| 13 | തൊഴിൽ ആവശ്യപ്പെട്ടിട്ടും നൽകാതിരുന്നത് എത്ര പേർക്ക്?<br><br>തൊഴിൽ രഹിത വേതനം നൽകിയത് എത്ര പേർക്ക്? നൽകിയ തുക | തൊഴിൽ ആവശ്യപ്പെട്ട എല്ലാവർക്കും തൊഴിൽ നൽകി. 474 കുടുംബങ്ങൾ തൊഴിൽ സ്വീകരിച്ചിരുന്നില്ല. തൊഴിൽ രഹിതവേതനം നൽകേണ്ടി വന്നില്ല. |
| 14 | തൊഴിൽ സ്ഥലത്ത് സംഭവിച്ച അപകടങ്ങളുടെ എണ്ണം, ചെലവഴിച്ച തുക | ഒന്നുമില്ല. |
| 15 | തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് | ബാനർ സ്ഥാപിക്കുന്നുണ്ട്. |
| 16 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം (ആസ്തിയുടെ പേര്/എണ്ണം) | 13 കിണറുകൾ |
| 17 | സോഷ്യൽ ഓഡിറ്റ് നടന്ന മാസം | ജൂൺ 2016 |
| 18 | പരാതി രജിസ്റ്ററിന്റെ വിവരം | സൂക്ഷിക്കുന്നുണ്ട്. ഈ കാലയളവിൽ പരാതിയൊന്നും ലഭിച്ചിരുന്നില്ല. |
| 19 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | 34 കുളങ്ങൾ തൻവർഷം നവീകരിച്ചിട്ടുണ്ട് |
| 20 | വേതനം നൽകുവാൻ കാലതാമസം നേരിട്ടതിന്റെ വിവരം | 2016 സെപ്റ്റമ്പർ പകുതി മുതൽ മാർച്ച് 2017 വരെയുള്ള കാലയളവിലെ വേതനം ഇനത്തിൽ കുടിശ്ശികയുണ്ടായിരുന്ന രൂ:64,00,000/- 2017 ആഗസ്റ്റ് മാസത്തിൽ കൊടുത്തു തീർത്തു. |

നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം

| ക്രമനം. | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | 2011-12 വർഷം | |
|---|---|---|---|
| | | നടപ്പിലാക്കിയ പദ്ധതികളുടെഎണ്ണം | ചെലവഴിച്ച തുക |
| 1 | മണ്ണ്-ജല സംരക്ഷണം | 0 | 0 |
| 2 | വരൾച്ച തടയൽ, വനവത്കരണം | 13 | 2,32,938 |
| 3 | ചെറുകിട ജലസേചനം | 51 | 1,49,64,430 |
| 4 | പട്ടികജാതി-പട്ടിക വർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം | 1 | 1,58,105 |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 34 | 20,81,453 |
| 6 | ഭൂവികസനം | 18 | 56,02,826 |
| 7 | വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | 0 | 0 |
| 8 | വീട്ട നിർമ്മാണം-ഐ.എ.വൈ | 16 | 13,32,720 |
| 9 | റോഡ് നിർമ്മാണം | 0 | 0 |
| | ആകെ | 133 | 2,43,72,472 |

വരവ് ചെലവുകളുടെ വിവരം:

| വരവ് | | ചെലവ് | |
|---|---|---|---|
| മുന്നിരിപ്പ് | 12861 | ഭരണ നിർവ്വഹണ ചെലവ് | 979431 |
| ഭരണ നിർവ്വഹണം- | 966554 | വേതനം - EFMS | 24372472 |

| | | | |
|---|---|---|---|
| വരവ് | | 2015-16:08202674<br>2016-17:16234315/- | |
| ബാങ്ക് പലിശ | 4192 | ഗ്രാമ പഞ്ചായത്ത് ഫണ്ട് തിരിച്ചുകൊടുത്തത് | 247591 |
| വേതനം - EFMS | 24372472 | ബാങ്ക് ചാർജ്ജ് | 0 |
| ഗ്രാമ പഞ്ചായത്ത് - മുൻകൂർ | 247591 | നീക്കിയിരിപ്പ് | 4176 |
| ആകെ | 25603670 | ആകെ | 25603670 |

അവലോകനം

2016-17 വർഷത്തെ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിന്മേലുള്ള സംക്ഷിപ്ത വിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ആക്ഷൻ പ്ലാൻ പ്രകാരം ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുക | 15,16,31,000 |
| | ചെലവഴിച്ച തുക | 2,43,72,472 |
| | ശതമാനം | 16.07% |
| 2 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3801 |
| | തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2304 |
| | ശതമാനം | 60.62% |
| 3 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 10 |
| 4 | തൻവർഷം ആസ്തികൾ സൃഷ്ടിച്ചിട്ടുണ്ടോ? | സ്ഥിര ആസ്തികൾ സൃഷ്ടിച്ചിട്ടില്ല |

വേതനം ഒരു കാരണവശാലും രണ്ടാഴ്ച്ചയിൽ കൂടുതൽ വൈകരുത് എന്ന് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൽ നിഷ്കർഷിക്കുന്നുണ്ടെങ്കിലും 2016-17 വർഷം വേതനം കുടിശികയായത് തൊഴിലാളികൾ ഈ വർഷത്തെ പ്രവൃത്തിയിൽ നിന്നും വിട്ടു നിൽക്കുന്ന സാഹചര്യം ഉണ്ടാക്കിയിട്ടുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 207156 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 207156 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 542700 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 542700 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 300000 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 50000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 50000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ വൗച്ചർ നം. | മുൻകൂർ നൽകിയ തുക(രൂപ) | ചെലവഴിച്ച തുക(രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | 210/17, സമ്പൂർണ്ണ വൈദ്യുതീകരണം | 21/ 08-03-2017 | 84200 | വിനിയോഗ സാക്ഷ്യപത്രം | - |

| | | | | | |
|---|---|---|---|---|---|
| | പഞ്ചായത്ത് വിഹിതം അടക്കൽ | | | ലഭ്യമായില്ല | |
| കെ.എസ്. ഇ.ബി | 212/17- 13, 14 വാർഡുകളിലെ വിവിധ സ്ഥലങ്ങളിൽ വൈദ്യുതീകരണം | 32/ 28-03-2017 | 139675 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | - |
| കെ.എസ്. ഇ.ബി | 170/17, വിവിധ എസ്. സി കോളനികളിൽ സ്ട്രീറ്റ് മെയിൽ സ്ഥാപിക്കൽ | 31/ 28-03-2017 | 351000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | - |
| കെ.എസ്. ഇ.ബി | 226/17, 7-ാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ വൈദ്യുതീകരണം | 1018/ 17-03-2017 | 99850 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | - |
| കെ.എസ്. ഇ.ബി | 213/17, 5-ാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ വൈദ്യുതീകരണം | 1007/ 16-03-2017 | 99775 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | - |
| കെ.എസ്. ഇ.ബി | 227/17, 16-ാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ വൈദ്യുതീകരണം | 1075/ 28-03-2017 | 97520 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | - |
| കെ.എസ്. ഇ.ബി | 225/17, 2-ാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ വൈദ്യുതീകരണം | 882/ 22-02-2017 | 119725 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

2016-17 സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ/തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ.എം.എസ് ഭവന വായ്പ | 3145/10 /തസ്വഭവ 29/09/2010 | 6863000 | 2668000 | 357776 | 2310224 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഒന്നുമില്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 70804378 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 65664023 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 22226 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 121521 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
|---|---|---|---|
| 3-12(2) | - | 7248.00 | ശ്രീ.സുമേഷ്.വി.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-12(3) | - | 14978.00 | ശ്രീ.സുമേഷ്.വി.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 22226.00 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 11521 | മീന റസ്സൽ, ക്ഷീര വികസന ഓഫീസർ |
| 3-7 | 110000 | സ്മിത.കെ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 121521 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുമേഷ്.വി.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.സുമേഷ്.വി.ആർ, രമാ നിവാസ്, TC16/1601, ജഗതി, തൈക്കാട്.പി.ഒ., തിരുവനന്തപുരം |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LF.P8/866/99/11.11.99 | ഫർദർറിമാർക്സ് |
| 1997-98 | LF.P8/173/01/23.1.99 | ഫർദർ റിമാർക്സ് |

| | | |
|---|---|---|
| 1998-99 | LF.P8/944/2000/4.1.01 (Expenditure) | ഫർദർ റിമാർക്സ് |
| 1999-00 | LF.P14/494/03/24.11.05 | ഫർദർ റിമാർക്സ് |
| 2000-01 | LF.P11/377/07/29.3.08 | ഫർദർ റിമാർക്സ് |
| 2001-02 | LF.P11/61/2011(1)/18.3.2011 | ഫർദർ റിമാർക്സ് |
| 2002-03 | LF.P11/61/2011(2)/18.3.2011 | ഫർദർ റിമാർക്സ് |
| 2003-04 | LF.P11/61/2011(3)/18.3.2011 | ഫർദർ റിമാർക്സ് |
| 2004-05 | LF.P11/61/2011(4)/18.3.2011 | ഫർദർ റിമാർക്സ് |
| 2005-06 | LF.P11/61/2011(5)/18.3.2011 | ഫർദർ റിമാർക്സ് |
| 2006-07 | LF.P11/2064/11/13.1.2011 | ഫർദർ റിമാർക്സ് |
| 2007-08 | LF.P11/502/13/20.8.13 | ഫർദർ റിമാർക്സ് |
| 2008-09 | LF.P11/979/12(2) | ഫർദർ റിമാർക്സ് |
| 2009-10,<br>2010-11,<br>2011-12 | LF.P11/1770/2013/2.5.2014 | ഫർദർ റിമാർക്സ് |
| 2012-13 | LF.P11-242/2015/13-5-2015 | റിപ്പോർട്ട് |
| 2013-14<br>2014-15 | നം.കെ.എസ്.എ-പി.കെ.ഡി.15-958/16<br>/28-6-2016 | ഓഡിറ്റ്<br>റിപ്പോർട്ട് |
| 2015-16 | നം.കെ.എസ്.എ-പി.കെ.ഡി.15-212/17<br>/31-01-2017 | ഓഡിറ്റ്<br>റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്.

**1**

## അനുബന്ധം

നം. കെ.എസ്.എ പികെഡി 15-1693/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
തീയതി: 13.09.2017.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- വകുപ്പും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ പെരുങ്ങോട്ടുകുറിശ്ശി ഗ്രാമ പഞ്ചായത്തിന്റെ 31.3.2017 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പെരുങ്ങോട്ടുകുറിശ്ശി ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ 2016-17 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്- ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ന്യൂനതാ സംഗ്രഹം

1. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിന് തൊട്ടു മുമ്പുള്ള മാർച്ച് 31തീയ്യതിയിലെ സ്ഥാവര -ജംഗമ ആസ്തികളുടെ മൂല്യത്തോടൊപ്പം തുടർ വർഷങ്ങളിലെ ആസ്തികളുടെ മൂല്യം ചേർത്ത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

2. വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയ വസ്തുനികുതി തുകകളും സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3. അഡ്വാൻസ് രജിസ്റ്റർ അപൂർണ്ണം. സംഗ്രഹം തയ്യാറാക്കിയിട്ടില്ല.

4. ഡെപ്പോസിറ്റ് രജിസ്റ്റർ അപൂർണ്ണം. സംഗ്രഹം തയ്യാറാക്കിയിട്ടില്ല.
5. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
6. വാടക ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവ വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD 15-1693/2017

Kerala State Audit Department
District Audit Office, Palakkad.
Date: 13.09.2017.

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of PERINGOTTUKURISSI GRAMA PANCHAYATH for the year ended 31.03.2017 in Palakkad District in accordence with section 4 of

the Kerala Local Fund Audit Act 1994 , section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the giudlines issued by the Camptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of PERINGOTTUKURISSI GRAMA PANCHAYATH prepared for the year 2016-17 properly presents the picture of income, expenditure and closing balance except the defects pointed in this certificate.

Deputy Director

Abstract of defects

1.The shedule B-11 in the balance sheet inconnection with the value of Assets is not Up-dated .
2.The Property Tax figures shown in AFS, are not in agreement with the Sanchaya Software.
3.Advance register is incomplete and abstract is not prepared.

4.Deposit register is incomplete and abstract is not prepared.

5. The abstract of Profession Tax Demand Register has not been prepared and certified.

6. The amount of Demand, Collection and Balance shown in Rent Demand Register are not agreed with the figures shown in the AFS.

Deputy Director.